പറമ്പിക്കുളം ആളിയാർ കരാർ പരിഷ്കരിക്കാൻ തമിഴ്നാടിനു ക്ഷണം

■ എടപ്പാടി പളനിസ്വാമിക്ക് മുഖ്യമന്ത്രി കത്തയച്ചു

തിരുവനന്തപുരം: ജലവിനിയോഗം സംബന്ധിച്ച അന്തർസംസ്ഥാന കരാറുകൾ തമിഴ്നാട് തുടർച്ചയായി ലംഘിക്കുകയാണെന്നും കരാറിലെ കക്ഷികളെല്ലാം വ്യവസ്ഥകൾ മാനിച്ചാലേ സഹവർത്തിത്വം സുഗമമാകുകയുള്ളുവെന്നും ചൂണ്ടിക്കാട്ടി മുഖ്യമന്ത്രി പിണറായി വിജയൻ തമിഴ്നാട് മുഖ്യമന്ത്രി എടപ്പാടി കെ. പളനിസ്വാമിക്കു കത്തയച്ചു. തമിഴ്നാടിന്റെ ആവശ്യങ്ങളോടു മാനുഷിക പരിഗണനയോടെ പ്രതികരിക്കുകയാണ് കേരളം ചെയ്തതെന്നും കത്തിലുണ്ട്.

പറമ്പിക്കുളം ആളിയാർ കരാറിലെ വ്യവസ്ഥകൾ തമിഴ്നാട് തുടർച്ചയായി ലംഘിക്കുന്നത് ആശങ്കയുണർത്തുന്നുണ്ട്. പാലക്കാട് മേഖലയിലെ കുടിവെള്ള ക്ഷാമത്തിനു പരിഹാരമായി കേരളത്തിന് അർഹമായ ജലം വിട്ടുതന്നേ മതിയാകൂവെന്ന് കണക്കുകൾ ഉദ്ധരിച്ച് മുഖ്യമന്ത്രി വ്യക്തമാക്കി.

കഴിഞ്ഞ ജലവർഷത്തിൽ (2016–17) ചിറ്റൂർപ്പുഴ പ്രദേശങ്ങളിൽ 6350 ദശലക്ഷം ക്യുബിക് അടി വെള്ളം ലഭിക്കേണ്ടിയിരുന്ന സ്ഥാനത്ത് 3762 ദശലക്ഷം ക്യുബിക് അടി മാത്രമാണു ലഭ്യമാക്കിയത്. ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ കുടിവെള്ള ആവശ്യത്തിനു മാത്രമാണ് ഈ ജലം വിനിയോഗിക്കപ്പെടുന്നത്. വരൾച്ച രൂക്ഷമാകുന്ന പ്രദേശങ്ങളിലും ഘട്ടങ്ങളിലും ജലവിനിയോഗത്തിൽ പാലിക്കേണ്ട മുൻഗണനാക്രമം സംബന്ധിച്ച് കൃത്യമായ വ്യവസ്ഥകളുണ്ട്. കുടിവെള്ളാവശ്യം കഴിഞ്ഞേ കൃഷിക്കു പോലും ജലം ഉപയോഗിക്കാവൂ.

കേരളം ഇതു കൃത്യമായി പാലിക്കുമ്പോഴാണ് തമിഴ്നാട് ആളിയാറിന്റെ ഉയർന്ന ഭാഗത്തും കാടമ്പാറായിലുമുള്ള അണക്കെട്ടുകളിലായി കേരളത്തിനർഹമായ ആയിരത്തോളം ദശലക്ഷം ക്യുബിക് അടി വെള്ളം കരുതൽ ശേഖരമായി തടഞ്ഞുവച്ചിരിക്കുന്നത്. ചിറ്റൂർപ്പുഴ നദീതടപ്രദേശത്തെ രൂക്ഷമായ വരൾച്ച കണക്കിലെടുത്ത് ജലം വിട്ടുനൽകുന്നതിന് ജനുവരിയിൽ ചേർന്ന സെക്രട്ടറിതല യോഗത്തിൽ ധാരണയായിരുന്നു. അതു പാലിക്കാനും തമിഴ്നാട് തയാറാകുന്നില്ല.

കേരളം അനുഭവിക്കുന്ന രൂക്ഷമായ വരൾച്ചയുടെ സാഹചര്യത്തിൽ പറമ്പിക്കുളം ആളിയാർ കരാർ കാലോചിതമായി പരിഷ്കരിക്കണം. 1998 മുതൽ ഉയരുന്ന ഈ ആവശ്യത്തോട് തമിഴ്നാട് ഇനിയും ആഭിമുഖ്യം കാട്ടിയിട്ടില്ല. സാഹചര്യം മുൻവിധിയില്ലാതെ മനസിലാക്കിയാൽ പരിഹരിക്കാനാവാത്ത പ്രശ്നമൊന്നും ഇരുസംസ്ഥാനങ്ങൾക്കുമിടയിലില്ല.

അതിനാൽ കാര്യങ്ങൾ നേരിൽ മനസിലാക്കാനും സമയബന്ധിതമായ അവലോകനപദ്ധതി തയാറാക്കാനുമായി തമിഴ്നാടിന്റെ മുഖ്യമന്ത്രിയെയും സംഘത്തെയും കേരളത്തിലേക്കു ക്ഷണിച്ചു. സന്ദർശനത്തീയതി അറിയിക്കണമെന്ന് കത്തിൽ ആവശ്യപ്പെട്ടിട്ടുമുണ്ട്.

പറമ്പിക്കുളം ആളിയാർ പദ്ധതി: കേരളം ചൂണ്ടിക്കാട്ടിയ വിഷയങ്ങൾ പരിശോധിക്കാമെന്ന് തമിഴ്നാട് മുഖ്യമന്ത്രി

തിരുവനന്തപുരം: പറമ്പിക്കുളം ആളിയാർ പദ്ധതിയുമായി ബന്ധപ്പെട്ടു കേരളം ചൂണ്ടിക്കാട്ടിയ വിഷയങ്ങൾ പരിശോധിക്കാമെന്നു തമിഴ്നാട് മുഖ്യമന്ത്രി എടപ്പാടി കെ. പളനിസ്വാമി അറിയിച്ചു. സംസ്ഥാനം നേരിടുന്ന രൂക്ഷമായ ജലക്ഷാമവും മറ്റും ചൂണ്ടിക്കാട്ടി മുഖ്യമന്ത്രി പിണറായി വിജയൻ അയച്ച കത്തിന് മറുപടിയായാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്.

കരാർ അനുസരിച്ചു ചിറ്റൂർ, ചാലക്കുടി പുഴകളിലേക്ക് ഒഴുക്കി വിടേണ്ട വെള്ളം തമിഴ്നാട് നൽകിയിരുന്നില്ല എന്ന കാര്യം മുഖ്യമന്ത്രി ശ്രദ്ധയിൽപ്പെടുത്തി. ഇതുകാരണം ഈ മേഖല കടുത്ത ജലക്ഷാമം നേരിടുകയാണ്. മാത്രമല്ല അപ്പർ ആളിയാർ, കടമ്പറായി ഡാമുകളിൽ തമിഴ്നാട് വെള്ളം സൂക്ഷിക്കുന്നതായി അറിയാൻ കഴിഞ്ഞെന്നും മുഖ്യമന്ത്രി കത്തിൽ സൂചിപ്പിച്ചു.

ജനുവരിയിൽ നടന്ന സെക്രട്ടറിതല യോഗത്തിൽ ഇപ്രകാരം ശേഖരിച്ച വെള്ളം കേരളത്തിനു നൽകാമെന്ന് തമിഴ്നാട് സമ്മതിച്ചിരുന്നെങ്കിലും ഇതു പാലിച്ചില്ല. സെക്രട്ടറിതല യോഗ തീരുമാനമനുസരിച്ചു ശിരുവാണി അണക്കെട്ടിലെ ഡെഡ്സ്റ്റോറേജിൽ നിന്നു പോലും കോയമ്പത്തൂരിലെ കുടിവെള്ള ആവശ്യം പരിഗണിച്ചു വാഗ്ദാനം ചെയ്ത വെള്ളം കേരളം നൽകിയിരുന്നു. ഓരോ വർഷവും പ്രതീക്ഷിച്ചതിലും കുറവ് വെള്ളം ലഭിക്കുകയാണെങ്കിൽ പോലും കരാർ അനുസരിച്ചുള്ള വെള്ളം തരാൻ തമിഴ്നാട് ബാധ്യസ്ഥരാണ്. 1988-ൽ പുതുക്കേണ്ടിയിരുന്ന കരാർ പുതുക്കാൻ തമിഴ്നാട് തയാറായിരുന്നില്ല എന്ന കാര്യവും മുഖ്യമന്ത്രി പിണറായി വിജയൻ കത്തിൽ ചൂണ്ടിക്കാട്ടിയിരുന്നു.

അതിരപ്പിള്ളി പദ്ധതി തൽക്കാലം നടപ്പാകാൻ സാഹചര്യമില്ല: മന്ത്രി

അടൂർ: ജലവൈദ്യുത പദ്ധതികളാണ് ഏറ്റവും ലാഭകരമെങ്കിലും വിവാദമുയർന്ന സാഹചര്യത്തിൽ അതിരപ്പിള്ളി പദ്ധതി തൽക്കാലം നടപ്പാകാനുള്ള സാധ്യതയില്ലെന്ന് വൈദ്യുതമന്ത്രി എം.എം. മണി പറഞ്ഞു. കേരളാ ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചു നടന്ന ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്ത് ആവശ്യമായ വൈദ്യുതി പൂർണമായും എങ്ങനെയുണ്ടാക്കണമെന്നത് സങ്കീർണ പ്രശ്നമാണ്. കൂടുതൽ ചെറുകിട ജല വാദ്യുതി പദ്ധതികളാണ് ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു.

കായംകുളം താപവൈദ്യുത നിലയത്തിലെ വൈദ്യുതി യൂണിറ്റിന് 6.50 രൂപക്ക് നൽകുന്നു. എന്നാൽ പുറത്തു നിന്ന് വൈദ്യുതി യൂണിറ്റിന് 3.50 രൂപയ്ക്ക് ലഭിക്കും. അതിനാൽ ഒരു നിലയിലും കായംകുളത്തെ വൈദ്യുതി ഉപയോഗിക്കാൻ കഴിയില്ല. ഒരു യൂണിറ്റ് വൈദ്യുതി പോലും ഉപയോഗിക്കാതെ 299 കോടി രൂപ കായംകുളം വൈദ്യുത നിലയത്തിന് സംസ്ഥാനം നൽകണമെന്നാണ് കേന്ദ്രം ആവശ്യപ്പെടുന്നത്. എന്നാൽ 500 കോടി രൂപ നൽകിയാൽ സംസ്ഥാനത്തിനു വിട്ടു നൽകാമെന്നാണ് കേന്ദ്രം പറയുന്നത്.

ഇതിനെ സംബന്ധിച്ച് സർക്കാർ ആലോചനയിലാണെന്നും മന്ത്രി പറഞ്ഞു. ജലവൈദ്യുതി പദ്ധതികൾ പ്രായോഗികമായില്ലെങ്കിൽ സോളാർ പദ്ധതികളെക്കുറിച്ച് ആലോചിക്കേണ്ടി വരുമെന്നും അദ്ദേഹം പറഞ്ഞു. കെ.എസ്.ഇ.ബി. മുൻ ചെയർമാൻ എം. ശിവശങ്കർ അധ്യക്ഷത വഹിച്ചു.

ഡോ. ആർ. ഹരികുമാർ, ജി. മധുസൂദനൻപിള്ള, പി.ഡി. നായർ, കെ.ആർ. മോഹൻദാസ്, വി.എൻ. അച്യുതൻനായർ, എ.എൻ. രാജൻ,

എ.പി. ജയൻ, ഡി. സജി. എം.പി. ഗോപകുമാർ എന്നിവർ പ്രസംഗിച്ചു.

എസ്.ബി.ടിയുടെ സേവനങ്ങളും എസ്.ബി.ഐ. വിഴുങ്ങി

■ എൻ. രമേഷ്
പാലക്കാട്

ശമ്പള അക്കൗണ്ടുകൾ സീറോ ബാലൻസ് അക്കൗണ്ടായി നിലനിർത്തുമെന്ന് പറഞ്ഞ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്.ബി.ഐ) വാഗ്ദാനം വിഴുങ്ങി.

സർക്കാർ ഉദ്യോഗസ്ഥരുടേതടക്കമുള്ള ശമ്പള അക്കൗണ്ടുകളാണ് സീറോ ബാലൻസിൽനിന്നു മാറ്റിയത്. പലരും ബാങ്കിൽ നേരിട്ടെത്തി അന്വേഷിക്കുമ്പോഴാണ് അക്കൗണ്ട് മാറ്റിയ വിവരം അറിയുന്നത്. എസ്.ബി.ടിയുടെ പാസ് ബുക്കിൽ സീറോ ബാലൻസ് സാലറി എസ്.ബി. അക്കൗണ്ട് എന്ന് രേഖപ്പെടുത്തിയവ പോലും മുന്നറിയിപ്പില്ലാതെ മാറ്റി.

ഇത് ഇടപാടുകാരോടുള്ള വഞ്ചനയാണെന്ന് ആക്ഷേപമുയർന്നിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പള അക്കൗണ്ടുകളും കൂട്ടത്തോടെ സീറോ ബാലൻസിൽനിന്നു മാറ്റിയിട്ടുണ്ട്. ഇവ സീറോ ബാലൻസായി നിലനിർത്താൻ മുഴുവൻ രേഖകളും വീണ്ടും ഹാജരാക്കണമെന്നാണ് നിർദേശം. സ്ഥാപനത്തിലെ സ്ഥിര ജീവനക്കാരനാണെന്നും ശമ്പള അക്കൗണ്ടാണെന്നും വ്യക്തമാക്കുന്ന കത്താണ് തിരിച്ചറിയൽ രേഖകൾ സഹിതം ഹാജരാക്കേണ്ടത്.

എസ്.ബി.ടി. അക്കൗണ്ടിൽ മറ്റിടങ്ങളിലെ ശാഖകളിൽനിന്നു പണം അടയ്ക്കുന്നതിന് പ്രത്യേക നിരക്ക് ഈടാക്കിയിരുന്നില്ല. എസ്.ബി.ഐ. ആയതോടെ അതും നിലച്ചു. അക്കൗണ്ടുള്ള ശാഖയിൽ അല്ലാതെ നൂറു രൂപ അടച്ചാലും 57.50 രൂപ ചാർജ് നൽകണം. ഇതും ഇടപാടുകാർക്കു തിരിച്ചടിയായി. ലയനം ഇടപാടുകാരെ ബാധിക്കില്ലെന്നായിരുന്നു ആദ്യം പറഞ്ഞിരുന്നത്.

എന്നാൽ, അക്കൗണ്ട് നമ്പറും എ.ടി.എം. കാർഡും മാറ്റമില്ലാതെ തുടരുമെന്നതാണ് സേവനങ്ങൾ അതേപടി ലഭിക്കുമെന്ന് പറഞ്ഞതിലൂടെ ഉദ്ദേശിച്ചതെന്നാണ് ഇപ്പോൾ ബാങ്ക് അധികൃതർ നൽകുന്ന വിശദീകരണം.

സെൻകുമാർ നടത്തിയ സ്ഥലംമാറ്റം സർക്കാർ റദ്ദാക്കി

■ സ്വന്തം ലേഖകൻ
തിരുവനന്തപുരം

സംസ്ഥാന പോലീസ് മേധാവിയായി ചുമതലയേറ്റ ടി.പി. സെൻകുമാർ പോലീസ് ആസ്ഥാനത്തു നടത്തിയ സ്ഥാനമാറ്റങ്ങൾ ആഭ്യന്തരവകുപ്പ് മരവിപ്പിച്ചു. ഇതോടെ, സുപ്രീം കോടതി ഉത്തരവിന്റെ പിൻബലത്തിൽ കസേര തിരിച്ചുപിടിച്ച സെൻകുമാറും സർക്കാരുമായുള്ള ഭിന്നത വീണ്ടും മറനീക്കി.

സ്ഥാനമേറ്റെടുത്തയുടൻ സെൻകുമാർ സ്ഥലം മാറ്റിയ പോലീസ് ഹെഡ്ക്വാർട്ടേഴ്സ് അതീവസുരക്ഷാവിഭാഗം ജൂനിയർ സൂപ്രണ്ട് കുമാരി ബീനയെയാണ് ആഭ്യന്തരവകുപ്പ് തൽസ്ഥാനത്തു നിലനിർത്തിയത്. മാനദണ്ഡങ്ങൾ പാലിച്ചല്ല സ്ഥലംമാറ്റമെന്നാരോപിച്ച് കുമാരി ബീന ചീഫ് സെക്രട്ടറിക്കു പരാതി നൽകിയിരുന്നു. ഇതേക്കുറിച്ച് ആഭ്യന്തര സെക്രട്ടറി സെൻകുമാറിനോടു വിശദീകരണം തേടി. തുടർന്ന്, പോലീസിലെ നിയമനങ്ങൾ സർക്കാരിന്റെ അധികാരപരിധിയിലാണെന്നു ചൂണ്ടിക്കാട്ടിയാണ് ആഭ്യന്തരവകുപ്പിന്റെ നടപടി.

കൊടുവള്ളി എം.എൽ.എ: കാരാട്ട് റസാഖിന്റെ പരാതിയിൽ നടപടി വൈകിച്ചെന്ന കാരണത്താലാണു കുമാരി ബീനയെ സെൻകുമാർ സ്ഥലംമാറ്റിയത്. എന്നാൽ, പോലീസ് ആസ്ഥാനത്തെ ഐ.ജി: ബൽറാംകുമാർ ഉപാധ്യായയുടെ അന്വേഷണത്തിൽ ഇവർ കുറ്റക്കാരിയല്ലെന്നു കണ്ടെത്തി. എം.എൽ.എയുടെ പരാതിയിൽ യഥാസമയം നടപടി സ്വീകരിച്ചെന്നും സർക്കാരിനു റിപ്പോർട്ട് നൽകി. ഇതിന്റെ അടിസ്ഥാനത്തിലാണു സ്ഥലംമാറ്റം മരവിപ്പിച്ചത്. ആരോപണങ്ങളുടെ പേരിൽ പോലീസ് ആസ്ഥാനത്തുനിന്നു മാറ്റിയ സൂപ്രണ്ട് സുരേഷ് കൃഷ്ണയെ കുമാരി ബീനയ്ക്കു പകരം നിയമിച്ചതും ചട്ടലംഘനമാണെന്നായിരുന്നു ഐ.ജിയുടെ റിപ്പോർട്ട്.

■ സേവന നിരക്കുകളിലെ വർധന

എസ്.ബി.ഐ. നയം സ്ഥിതി ഗുരുതരമാക്കും: മന്ത്രി ഐസക്ക്

■ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കും

തിരുവനന്തപുരം: കറൻസി നിരോധനത്തിനുശേഷമുള്ള സ്ഥിതിഗതികൾ നേരെയാക്കാനുള്ള ശ്രമത്തിനിടെ എസ്.ബി.ഐ. സേവന നിരക്കുകൾ നിരന്തരം വർധിപ്പിക്കുന്നതു പ്രശ്നം കൂടുതൽ വഷളാക്കുമെന്നു മന്ത്രി ഡോ: തോമസ് ഐസക്. ഇക്കാര്യത്തിൽ നിയമസഭയുടെയും സംസ്ഥാനത്തിന്റെയും പ്രതിഷേധം സംസ്ഥാനതല ബാങ്കേഴ്സ് സമിതിയെയും കേന്ദ്ര ധനമന്ത്രാലയത്തെയും അറിയിക്കുമെന്നും അദ്ദേഹം പറഞ്ഞു. നിയമസഭയിൽ എ.എൻ. ഷംസീറിന്റെ ഉപക്ഷേപത്തിനു മറുപടി പറയുകയായിരുന്നു മന്ത്രി.

പുതിയ കറൻസി അച്ചടിക്കുന്നുണ്ടെന്നു പറയുന്നുണ്ടെങ്കിലും നോട്ട് ക്ഷാമമുണ്ട്. ഇതു പ്രധാനമായും കഴിഞ്ഞമാസം എസ്.ബി.ഐ. ചുമത്തിയ സേവന നിരക്കുകൾ മൂലം ഉപഭോക്താക്കൾ പണം നിക്ഷേപിക്കാൻ തയാറാകാത്തതുകൊണ്ടാണ്. കറൻസി ലഭ്യതക്കുറവ് കാരണം സർക്കാരും പണം ബാങ്കിൽ നിക്ഷേപിക്കുന്നില്ല. ട്രഷറിയിൽ സൂക്ഷിക്കുകയാണ്. ഇതു സാമ്പത്തികസ്ഥിതി ദുർബലമാക്കും. തങ്ങളുടെ നഷ്ടം നികത്താനായിട്ടാണ് എസ്.ബി.ഐ. ഉപഭോക്താക്കളിൽ നിരക്കുകൾ അടിച്ചേൽപ്പിക്കുന്നത്.

എസ്.ബി.ടി. ഉൾപ്പെടെയുള്ള ബാങ്കുകൾ ലയിച്ചശേഷം രാജ്യത്തെ ബാങ്കിങ് മേഖലയുടെ നാലിലൊന്നും എസ്.ബി.ഐയുടെ കീഴിലാണ്. അതുകൊണ്ട് ഈ മേഖലയെ നിയന്ത്രിച്ചാൽ കുഴപ്പമില്ലെന്ന നിലപാടാണ് അവർ സ്വീകരിക്കുന്നത്. അതിന്റെ ഭാഗമായാണ് എല്ലാ സേവനങ്ങൾക്കും നിരക്ക് ഏർപ്പെടുത്തിയത്. രണ്ടുമാസം കഴിയുന്നതിന് മുമ്പ് അതു വർധിപ്പിക്കുകയും ചെയ്തു.

ജൻധൻ അക്കൗണ്ടുകൾക്കു പോലും സേവനനിരക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്. എ.ടി.എം. നിരക്ക് പിൻവലിച്ചെങ്കിലും മറ്റുള്ളവയുടേതു തുടരുകയാണ്. ബാങ്കുകളുടെ നിഷ്ക്രിയാസ്തികൾ പുനക്രമീകരിക്കാൻ കൂടുതൽ പണം മാറ്റിവയ്ക്കേണ്ടിവരുന്നു. അതു മൂലം ഓഹരിവിപണിയിൽ വിലയിടിയുകയാണ്. അതു മറികടക്കാനാണു പുതിയ നീക്കമെന്നും മന്ത്രി പറഞ്ഞു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നതു ഷൈലോക്ക് ബാങ്ക് ഓഫ് ഇന്ത്യ എന്നായിട്ടുണ്ടെന്നു ഷംസീർ പറഞ്ഞു. എ.ടി.എമ്മിനുള്ള നിരക്ക് താൽക്കാലികമായി പിൻവലിച്ചെന്നേയുള്ളുവെന്നും പിന്നീട് വരുമെന്നും പി.ടി. തോമസ് പറഞ്ഞു. എസ്.ബി.ഐ. കൊള്ളസങ്കേതമായി മാറിയതായും എം. അടിച്ചുതകർക്കുന്ന സ്ഥിതിയുണ്ടാകുമെന്നും എം. സ്വരാജ് പറഞ്ഞു.

നിയമസഭ നേരത്തെ അവസാനിക്കുന്ന സാഹചര്യത്തിൽ ജി.എസ്.ടി ബില്ലിന്റെ കാര്യത്തിൽ എന്തുവേണമെന്നു മന്ത്രിസഭായോഗം ചർച്ചചെയ്യുമെന്നു മന്ത്രി പറഞ്ഞു. പ്രതിപക്ഷനേതാവിന്റെ ക്രമപ്രശ്നത്തിന് മറുപടി നൽകുകയായിരുന്നു അദ്ദേഹം.

അമിത് ഷാ മൂന്നു ദിവസം കേരളത്തിൽ

തിരുവനന്തപുരം: ബി.ജെ.പി. ദേശീയ അധ്യക്ഷൻ അമിത് ഷാ ജൂൺ 2,3,4 തീയതികളിൽ കേരളം സന്ദർശിക്കും. അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പിനു മുന്നോടിയായി നടത്തുന്ന ദേശീയ പര്യടനത്തിന്റെ ഭാഗമായാണ് അദ്ദേഹമെത്തുന്നത്. 21 സംഘടനാപരിപാടികളിൽ അദ്ദേഹം പങ്കെടുക്കുമെന്നു സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരൻ പത്രസമ്മേളനത്തിൽ പറഞ്ഞു. ജൂൺ രണ്ടിനു കൊച്ചിയിലും 3,4 തീയതികളിൽ തിരുവനന്തപുരത്തുമാണ് പരിപാടികൾ. പുതുതായി നിർമ്മിക്കുന്ന പാർട്ടി സംസ്ഥാനകാര്യാലയത്തിനു നാലിനു രാവിലെ അമിത്ഷാ തറക്കല്ലിടും. 46000 ചതുരശ്ര അടിയിൽ നാലുനില കെട്ടിടമാണ് പണിയുന്നത്.

സ്വാശ്രയ മെഡിക്കൽ പി.ജി. ഫീസ് കൂട്ടി

തിരുവനന്തപുരം: എല്ലാ സ്വാശ്രയ മെഡിക്കൽ കോളജുകളിലെയും പി.ജി. സീറ്റുകളിലെ ഫീസ് വർധിപ്പിച്ചു. ജസ്റ്റിസ് രാജേന്ദ്ര ബാബു കമ്മിഷന്റേതാണു തീരുമാനം. ഫീസ് ഏകീകരണത്തിന്റെ പേരിലാണു വർധന. ക്രിസ്ത്യൻ മാനേജ്മെന്റ് കോളജുകളിലെ ഫീസ് സർക്കാർ വ്യാഴാഴ്ച വർധിപ്പിച്ചിരുന്നു.

പി.ജി. ക്ലിനിക്കൽ വിഭാഗത്തിൽ മെറിറ്റ് സീറ്റിന് പുതുക്കിയ വാർഷിക ഫീസ് 14 ലക്ഷമാണ്. കഴിഞ്ഞ വർഷം ഇത് 6.5 ലക്ഷം മാത്രമായിരുന്നു. മാനേജ്മെന്റ് സീറ്റുകളിൽ 14 ലക്ഷം രൂപയായിരുന്ന ഫീസ് 17.5 ലക്ഷമായി ഉയർത്തി. നോൺ ക്ലിനിക്കൽ പി.ജി. വിഭാഗത്തിൽ ഫീസ് 8.50 ലക്ഷമാണ്. കഴിഞ്ഞ വർഷം വരെ ഇതു രണ്ടര ലക്ഷം രൂപയായിരുന്നു. ക്ലിനിക്കൽ പി.ജി. ഡിപ്ലോമയുടെ വാർഷിക ഫീസ് 10.50 ലക്ഷമായി വർധിപ്പിച്ചു. സൂപ്പർ സ്പെഷാലിറ്റി കോഴ്സുകൾക്ക് 18.50 ലക്ഷമാണു ഫീസ്. എൻ.ആർ.ഐ. സീറ്റ് ഫീസ് 35 ലക്ഷമായി തുടരും.

ഈ വർഷം മുതൽ പി.ജിക്ക് എല്ലാ സീറ്റിലെയും പ്രവേശനത്തിന് ദേശീയ പ്രവേശനപരീക്ഷയിലെ റാങ്ക് പട്ടിക മാനദണ്ഡമാക്കിയതോടെയാണ് ഏകീകൃത ഫീസ് അംഗീകരിച്ചു നൽകാൻ സർക്കാർ നിർബന്ധിതമായത്. പൊതു പ്രവേശനപരീക്ഷ മാനദണ്ഡമാക്കിയതോടെ സീറ്റുകളിലെ മെറിറ്റ്, മാനേജ്മെന്റ് വ്യത്യാസം ഇല്ലാതാകും. എല്ലാ സീറ്റിലും പ്രവേശനപരീക്ഷാ കമ്മിഷണറായിരിക്കും അലോട്ട്മെന്റ് നടത്തുക.

ഏഴുവരെ ക്ലാസിൽ പാഠപുസ്തക വിതരണം 22 മുതൽ

തിരുവനന്തപുരം: സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ ഏഴു വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് 22 മുതൽ പാഠപുസ്തകം വിതരണം ചെയ്യുമെന്നു പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

■ തൊഴിലുറപ്പ് പദ്ധതിയിലെ കുടിശിക

കേന്ദ്ര വിവേചനത്തിനെതിരേ പ്രമേയം പാസാക്കുമെന്നു മന്ത്രി ജലീൽ

തിരുവനന്തപുരം: നിയമസഭാ സമ്മേളനം അവസാനിക്കുന്നതിനു മുമ്പ് കേന്ദ്രസർക്കാർ നൽകിയില്ലെങ്കിൽ സഭ പ്രതിഷേധപ്രമേയം പാസാക്കി അയച്ചു നൽകുമെന്നു മന്ത്രി കെ.ടി. ജലീൽ. തമിഴ്നാടിനു 2000 കോടി രൂപ നൽകിയ സർക്കാർ കേരളത്തിനുള്ള കുടിശികയായ 636 കോടി രൂപ അനുവദിക്കില്ലെന്നും അദ്ദേഹം നിയമസഭയിൽ പറഞ്ഞു. സി.കെ. ഹരീന്ദ്രന്റെ ഉപക്ഷേപത്തിനു മറുപടി നൽകുകയായിരുന്നു മന്ത്രി.

2016–17ൽ 2144.76 കോടിരൂപയാണു കേരളത്തിന് ചെലവായത്. അതിൽ 1386.03 കോടിയാണു ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്കു നൽകിയത്.

2017–18ലെ വിഹിതത്തിൽ അൽപ്പം ലഭിച്ചപ്പോൾ കുടിശികയുടെ കുറച്ച് നൽകാനായി. ഇക്കാര്യത്തിൽ രണ്ടുതവണ കേന്ദ്രത്തിനു കത്തയച്ചു. മന്ത്രിയെ നേരിട്ടുകണ്ടു. ഉദ്യോഗസ്ഥരും ബന്ധപ്പെട്ടു. മുഖ്യമന്ത്രി 10നു പ്രധാനമന്ത്രിക്കുകത്തയച്ചിട്ടുമുണ്ട്. ഫലവും കണ്ടില്ലെങ്കിൽ നിയമസഭ പ്രമേയം പാസാക്കും.

പാരിസ്ഥിതിക പ്രശ്നം കണക്കിലെടുത്തു ഇന്നത്തെ നിലയിൽ വയനാട്–നഞ്ചൻഗോഡ് റെയിൽവേ ലൈൻ നടപ്പാക്കാനാവില്ലെന്നു പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയെ മന്ത്രി ജി. സുധാകരൻ അറിയിച്ചു. അലൈൻമെന്റ് മാറ്റി നടപ്പാക്കാൻ കേരളവും കർണാടകവും ചേർന്നു തീരുമാനിച്ചിട്ടുണ്ട്. തലശേരി–മൈസൂർ പാതയ്ക്കും പരിസ്ഥിതി പ്രശ്നമുണ്ട്. കഴിഞ്ഞദിവസങ്ങളിൽ ചേർന്ന ചീഫ് സെക്രട്ടറിമാരുടെ യോഗത്തിലും ഇതു ചർച്ചയായി. പത്തു ദിവസത്തിനകം പാരിസ്ഥിതികാനുമതിക്കു കേന്ദ്രത്തിന് അപേക്ഷനൽകും.

സി.പി.ഐ. മലർന്നുകിടന്നു തുപ്പരുത്: കേരളാ കോൺ. (എം)

കോട്ടയം: സി.പി.എം. അനുവദിച്ച പാർലമെന്റ് സീറ്റ് ലക്ഷങ്ങൾക്കു വിറ്റ പാരമ്പര്യമുള്ളവർ മറ്റുള്ളവരെ ആദർശം പഠിപ്പിക്കുന്നതു മലർന്നു കിടന്നു തുപ്പുന്നതു പോലെയാണെന്നു കേരളാ കോൺഗ്രസ് (എം). കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ജയിക്കുമെന്ന് ഉറപ്പുള്ള ഒരു പഞ്ചായത്ത് പോലും സി.പി.ഐയ്ക്കില്ല. കേരള കോൺഗ്രസ് (എം) ഒരു മുന്നണിയിലും ചേരാൻ തീരുമാനിച്ചിട്ടില്ല. സി.പി.ഐ. സൗജന്യമായി നൽകിക്കൊണ്ടിരിക്കുന്ന ഉപദേശം കേരള കോൺഗ്രസിന് ആവശ്യമില്ലെന്നും പാർട്ടി പ്രസ്താവനയിൽ പറഞ്ഞു.

ഹയർ സെക്കൻഡറി അധ്യാപക നിയമനം: ധനവകുപ്പിനെതിരേ വിദ്യാഭ്യാസ വകുപ്പ്

■ ഷാലു മാത്യു
കോട്ടയം

ഹയർ സെക്കൻഡറി സ്കൂളുകളിൽ അധ്യാപകരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിനെതിരേ വിദ്യാഭ്യാസ വകുപ്പ് രംഗത്ത്. കഴിഞ്ഞ ബജറ്റിൽ തസ്തിക അനുവദിച്ചെങ്കിലും ധനകാര്യ വകുപ്പ് തന്നെ തസ്തിക അനുവദിക്കുന്നതിന് എതിരു നിൽക്കുന്നതാണ് വിദ്യാഭ്യാസ വകുപ്പിനെ ചൊടിപ്പിച്ചിരിക്കുന്നത്.

ഹയർ സെക്കൻഡറിയിൽ പ്രഖ്യാപിച്ച അധ്യാപക തസ്തികകൾക്ക് അനുമതി നൽകണമെന്നാവശ്യപ്പെട്ട് വിദ്യാഭ്യാസമന്ത്രിക്ക് നിവേദനം നൽകാനെത്തിയ അധ്യാപക സംഘടനാ പ്രതിനിധികൾക്ക് ലഭിച്ച മറുപടി ധനകാര്യ വകുപ്പ് എതിർക്കുന്നതിനാലാണ് തസ്തിക നിർണയിക്കാൻ കഴിയാത്തതെന്നായിരുന്നു. ഇതോടെയാണ് നിയമനവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പും ധനകാര്യ വകുപ്പും തമ്മിലുള്ള ശീതസമരം പുറത്തായത്.

കഴിഞ്ഞ യു.ഡി.എഫ്.സർക്കാരിന്റെ കാലത്താണ് സർക്കാർ-എയ്ഡഡ് മേഖലയിൽ ഹയർ സെക്കൻഡറി സ്കൂളുകൾ ഇല്ലാത്ത 148 പഞ്ചായത്തുകളിൽ ഒരു പഞ്ചായത്തിൽ ഒന്ന് എന്ന തോതിൽ സ്കൂൾ അനുവദിച്ചിരുന്നു. എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ നിലവിൽ ഹയർസെക്കൻഡറി സ്കൂളുകളുള്ള പഞ്ചായത്തുകളിൽ വിദ്യാഭ്യാസ ആവശ്യകതയുടെ അടിസ്ഥാനത്തിൽ സർക്കാർ -എയ്ഡഡ് മേഖലയിൽ അധിക ഹയർ സെക്കൻഡറി സ്കൂളുകളും അധിക ബാച്ചുകളും അനുവദിച്ചു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹയർസെക്കൻഡറി ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലായിരുന്നു പുതിയ സ്കൂളുകൾക്ക് സർക്കാർ അനുമതി നൽകിയത്. ഇതനുസരിച്ച് സർക്കാർ- എയ്ഡഡ് മേഖലകളിലായി 2653 തസ്തികകളാണ് സൃഷ്ടിക്കപ്പെടേണ്ടിയിരുന്നത്. കഴിഞ്ഞ സർക്കാർ അനുവദിച്ച ഹയർ സെക്കൻഡറി സ്കൂളുകളിലെ അധ്യാപക തസ്തികകൾ മരവിപ്പിക്കാൻ ഇടതു സർക്കാർ തീരുമാനിച്ചിരുന്നു. ഇതിനെതിരേ ശക്തമായ എതിർപ്പുയർന്നതിനെത്തുടർന്നാണ് കഴിഞ്ഞ ബഡ്ജറ്റിൽ ഈ തസ്തികകളിൽ അധ്യാപകരെ നിയമിക്കുമെന്ന് ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക് പ്രഖ്യാപിച്ചത്.

മണിക്കെതിരേയുള്ള ഹർജി മാറ്റി

കൊച്ചി: പെൺകൾ ഒരുമയ്ക്കെതിരേ നടത്തിയ വിവാദ പരാമർശങ്ങളുടെ പേരിൽ മന്ത്രി എം.എം. മണിക്കെതിരേ കേസെടുക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജി പരിഗണിക്കേണ്ടതില്ലെന്നു ഹൈക്കോടതി. ഹർജി മധ്യവേനലവധിക്കുശേഷം പരിഗണിക്കാനായി മാറ്റി.

കണ്ണൂരിൽ ഭീതിയുടെ രാഷ്ട്രീയാന്തരീക്ഷം; ദേശീയ വിഷയമാക്കാൻ ബി.ജെ.പി.

■ കെ. സുജിത്ത്
കണ്ണൂർ

മുഖ്യമന്ത്രി നേരിട്ട് ഇടപെട്ട് നടത്തിയ സമാധാന ശ്രമങ്ങൾ, പ്രസംഗങ്ങളിൽ വാക്കിന്റെ മൂർച്ച കുറക്കാൻ രാഷ്ട്രീയ നേതാക്കൾക്ക് പോലീസിന്റെ പെരുമാറ്റച്ചട്ടം, കൊല്ലപ്പെട്ട പ്രവർത്തകന്റെ വീട്ടിൽ വാദികളും പ്രതികളുമായ രാഷ്ട്രീയ നേതൃത്വങ്ങൾ ഉൾപ്പെടെ സർവകക്ഷി സന്ദർശനം, സമാധാനത്തിന് രാഷ്ട്രീയക്കാരുടെ ക്രിക്കറ്റ് ടൂർണമെന്റ്, ഗാനമേള... പക്ഷേ കണ്ണൂരിലെ ചോരക്കറമായുന്നില്ല. രാഷ്ട്രീയ പകപോക്കലിന് അണിയറയിൽ ആയുധശേഖരം ശക്തം.

അക്രമം പ്രോത്സാഹിപ്പിക്കുന്ന പ്രസംഗങ്ങളും പ്രസ്താവനകളും ഒഴിവാക്കണമെന്ന പോലീസിന്റെ നിർദേശം ഉത്തരവാദപ്പെട്ട രാഷ്ട്രീയ നേതാക്കൾ തന്നെ തള്ളിക്കളയുമ്പോൾ കൊടികളുടെയും സ്തൂപങ്ങളുടെയും ബസ് ഷെൽട്ടറുകളുടെയും പേരിൽ ചേരിതിരിഞ്ഞ് സംഘർഷം പതിവ്. പകപോക്കൽ രാഷ്ട്രീയം കണ്ണൂരിലെ രാഷ്ട്രീയ പാർട്ടികൾ കൈവിടില്ലെന്ന് വീണ്ടും വീണ്ടും തെളിയിച്ചുകൊണ്ടേയിരിക്കുന്നു. ഇതിൽ ഏറ്റവും ഒടുവിലത്തെതാണ് ഇന്നലെ പയ്യന്നൂരിൽ നടന്ന രാഷ്ട്രീയ കൊലപാതകം.

മുഖ്യമന്ത്രി നേരിട്ട് വിളിച്ച സമാധാന യോഗത്തിനു ശേഷവും കണ്ണൂരിൽ തങ്ങളുടെ പ്രവർത്തകന്റെ ജീവൻ നഷ്ടപ്പെട്ട സംഭവം രാഷ്ട്രീയ പ്രചരണായുധമാക്കാൻ തന്നെയാണ് ബി.ജെ.പി. തീരുമാനം. ഇന്നലെ കൊലപാതകത്തിനു ശേഷം ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരൻ ഇതു സംബന്ധിച്ചു സൂചന നൽകി. സമാധാനശ്രമങ്ങളെ സി.പി.എം. ഏകപക്ഷീയമായിഅട്ടിമറിച്ചിരിക്കുന്നുവെന്നു കുമ്മനം പറഞ്ഞു.

മുഖ്യമന്ത്രിക്കു പോലും നിയന്ത്രിക്കാനാകാതെ കിമിനലുകൾ കണ്ണൂരിൽ തേർവാഴ്ച നടത്തുകയാണ്. ഇവരെ നിയന്ത്രിക്കാൻ സംസ്ഥാന സർക്കാരിന് കഴിയില്ലെന്ന് ബോധ്യപ്പെട്ടു. കണ്ണൂരിലെ ക്രമസമാധാനപാലനത്തിന് സൈന്യത്തിന് പ്രത്യേകാധികാരങ്ങളുള്ള നിയമമായ അഫ്സ്പ പ്രയോഗിക്കണം. ഇതിനായി ഗവർണർക്ക് നിവേദനം നൽകുമെന്നാണ് കുമ്മനം വ്യക്തമാക്കിയത്. മാസങ്ങൾക്കു മുൻപ് ബി.ജെ.പി. ദേശീയ സംഘവും ദേശീയ വനിതാ കമ്മിഷനും കണ്ണൂരിലെത്തി അക്രമ സംഭവങ്ങളെ കുറിച്ച് റിപ്പോർട്ട് തയാറാക്കിയിരുന്നു.

മുൻ കൊലപാതകങ്ങളയും അക്രമ സംഭവങ്ങളുടെയും തുടർച്ചയായുള്ള പ്രതികാര വാഞ്ചയാണ് ഇപ്പോൾ മിക്ക സംഘർഷങ്ങളുടെയും കാരണം. ഇന്നലെ കൊലപാതകത്തിലേക്കു നയിച്ചതും ഇതു തന്നെയായിരുന്നു. ഒരു വർഷത്തിനിടെ സി.പി.എം.–ബി.ജെ.പി. പ്രവർത്തകരായ ഏഴ് പേർക്കാണ് കണ്ണൂരിലെ രാഷ്ട്രീയ സംഘർഷങ്ങളിൽ ജീവൻ നഷ്ടപ്പെട്ടത്. ഇടത് സർക്കാർ അധികാരത്തിലെത്തിയ ശേഷമുള്ള നാല് മാസത്തിനിടെ ആറു പേർക്കാണ് കണ്ണൂരിലെ രാഷ്ട്രീയ സംഘർഷങ്ങളിൽ ജീവൻ നഷ്ടപ്പെട്ടത്. ഒരു ആർ.എസ്.എസ്. പ്രവർത്തകൻ ബോംബ് നിർമാണത്തിനിടെ മരിക്കുകയും ചെയ്തു.

ബന്ധമില്ല: സി.പി.എം

കണ്ണൂർ: പയ്യന്നൂർ കക്കംപാറ സ്വദേശിയായ ആർ.എസ്.എസ് പ്രവർത്തകൻ കൊലചെയ്യപ്പെട്ട സംഭവത്തിൽ സി.പി.എമ്മിന് യാതൊരു ബന്ധവുമില്ലെന്ന് സി.പി.എം. ജില്ലാ സെക്രട്ടേറിയറ്റ് പ്രസ്താവിച്ചു.

കൊലപാതകത്തെ സി.പി.എം ശക്തമായി അപലപിക്കുന്നു. സർവകക്ഷി സമാധാന യോഗശേഷം ജില്ലയിൽ പല സ്ഥലങ്ങളിലും ആർ.എസ്.എസിന്റെ ഭാഗത്ത് നിന്ന് വലിയ പ്രകോപനമുണ്ടായിട്ടും ആത്മസംയമനം പാലിക്കുകയാണ് പാർട്ടി പ്രവർത്തകർ ചെയ്തിട്ടുള്ളത്.

സമാധാനത്തിനുവേണ്ടിയുള്ള ശ്രമങ്ങൾക്ക് പാർട്ടി മുൻകൈയെടുക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ഈ കൊലപാതകം ന്യായീകരിക്കത്തക്കതല്ല. യഥാർഥ കുറ്റവാളികളെ കണ്ടെത്തുന്നതിന് സമഗ്ര അന്വേഷണം നടത്തണമെന്ന്ജില്ലാ സെക്രട്ടേറിയറ്റ് ആവശ്യപ്പെട്ടു.